(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിന് 6.93 ലക്ഷം രൂപയും വണ്ടാനത്തുള്ള ടി.ഡി. മെഡിക്കൽ കോളേജിന് 11.65 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി

210 (1145) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ സെന്ററിൽ 1996 മുതൽ ജോലി നോക്കുന്ന ശ്രീ. ഡി. എസ്. അനി എന്ന ഡ്രൈവറെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനു നൽകിയ നിവേദനത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ ഈ ഓഫീസിൽ ജോലി ചെയ്യുന്ന എത്രപേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) ശ്രീ. ഡി. എസ്. അനിയെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) താൽക്കാലികമായി ഉണ്ടാക്കിയ പോസ്റ്റിൽ നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

സ്പോർട്സ് യുവജന ക്ഷേമ രംഗത്ത് കേന്ദ്ര പദ്ധതികൾ

211 (1146) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് യുവജനക്ഷേമ രംഗത്ത് സംസ്ഥാനത്ത് എന്തെല്ലാം കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നവീകരണത്തിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ കായികമേളകളിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടെത്തി സ്പോൺസർ ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly